**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- അ.വ.ഡ. - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:-
1) ഉത്തരവ് നം.ഇ.എസ്.2-11982/2023/ആവഡ, തീയതി: 24-08-2023
2) ഉത്തരവ് നം.ഇ.ഡി.3-/10082/2024/ആ.വ.ഡ. തീയതി.25-05-2024

**ഉത്തരവ് നം :DHS/15/2024-ED1 തിയതി : 30-05-2024**

ആരോഗ്യ വകുപ്പിലെ ഹെഡ് ക്ലർക്കുമാരുടെ 31/05/2023 കാലയളവിലെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധികരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന ഹെഡ് ക്ലാർക്കുമാരെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 43400 – 91200 ശമ്പള സ്കെയിലിൽ KS&SSR Part II Rule 28(b) (ii) പ്രകാരം ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് നം. | പേര്,പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥാപനം | ഒഴിവുകളുടെ സ്വഭാവം |
|---|---|---|---|---|---|
| 1 | 52 | ശ്രീമതി.ബിന്ദു പി.പി.<br>PEN - 381369<br>ജില്ലാ ആശുപത്രി , കണ്ണൂർ | 31/05/1978 | ജില്ലാ ആശുപത്രി , വടകര, കോഴിക്കോട് | ശ്രീ.സുരേഷ്ബാബു കെ.യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 2 | 53 | ശ്രീമതി .രാജി തോമസ്<br>PEN - 304200<br>സാമൂഹികാരോഗ്യ കേന്ദ്രം, ഒല്ലൂർ, തൃശൂർ | 13/04/1978 | ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) തിരുവനന്തപുരം | ശ്രീ .അശോകൻ .ആർ -ന്സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |

| | | | | | |
|---|---|---|---|---|---|
| 3 | 54 | ശ്രീ.സുനീഷ്കുമാർ കെ<br>**PEN - 302203**<br>ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) പത്തനംതിട്ട | 30/05/1976 | താലൂക്ക് ആസ്ഥാന ആശുപത്രി ,ചേർത്തല , ആലപ്പുഴ | ശ്രീ.നന്ദകുമാർ ടി ബി- യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 4 | 55 | ശ്രീമതി. മിസ്രിയ ആർ.പി.<br>**PEN - 379562**<br>താലൂക്ക് ആശുപത്രി ,തളിപ്പറമ്പ്, കണ്ണൂർ | 21/05/1971 | ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) കോഴിക്കോട് | ശ്രീമതി .സോയ എം വി യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |

2) 2024 ലോക്സഭ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാലും, 2024 -ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും സീനിയർ ആയ ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെയാണ് മേൽ പ്രകാരം ഉള്ള ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്. <u>ആയതിനാൽ പെരുമാറ്റചട്ടം അവസാനിക്കുന്ന മുറയ്ക്കും, പൊതുസ്ഥലംമാറ്റം സംബന്ധിച്ചതും അല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്ന മുറയ്ക്കും ടി ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.</u>

3) നിലവിൽ മേൽപ്പറഞ്ഞ 4 ജീവനക്കാർക്ക് 2024 ലോക്സഭ ഇലക്ഷൻ ഡ്യൂട്ടി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ലോക്സഭ ഇലക്ഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ ഡ്യൂട്ടി വരുകയാണെങ്കിൽ ഈ പ്രൊമോഷൻ ലഭിച്ചു എന്നത് കണക്കിലെടുക്കാതെ ബന്ധപ്പെട്ട സ്റ്റേഷനുകളിൽ അവർ നിർബന്ധമായും ഇലക്ഷൻ ഡ്യൂട്ടി നിർവഹിക്കേണ്ടതാണ്.

4) ജൂനിയർ സൂപ്രണ്ട് ആയി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ടി ജീവനക്കാരെ 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണത്തിന് നിയോഗിച്ചിരിക്കുന്നു.

5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുവാനും, ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്

Signed by
M . Abul Kalam
Date: 30-05-2024 17:40:35
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1 ) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും, എല്ലാ സ്ഥാപന

മേധാവികൾക്കും.

2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

3) ഫയൽ/കരുതൽ ഫയൽ.